**കേരള സർക്കാർ**
ധനകാര്യ(രഹസ്യ)വകുപ്പ്

നം. 13/എസ്.എസ്.2/2017/ധന                                   തിരുവനന്തപുരം, തീയതി, 25.01.2018.

## സർക്കുലർ

**വിഷയം:- ധനകാര്യ വകുപ്പ്-ജീവനക്കാര്യം- 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾ-ഭൂസ്വത്തുക്കളും മറ്റ് നിക്ഷേപങ്ങളും സംബന്ധിച്ച് 2017 ലെ പത്രികാസമർപ്പണം ഓൺലൈൻ(ഇന്റർനെറ്റ്) വഴി-സമയപരിധി ദീർഘിപ്പിക്കുന്നത്- സംബന്ധിച്ച്.**

**സൂചന:- 27.12.2017 ലെ ഇതേ നമ്പർ സർക്കുലർ.**

ധനകാര്യ വകുപ്പിനു കീഴിൽ 2017 ലെ സ്വത്തുവിവരങ്ങൾ സംബന്ധിച്ച പത്രിക, സാങ്കേതിക കാരണങ്ങളാൽ 16.01.2018 നു മുൻപ് സമർപ്പിക്കാൻ കഴിയാത്ത ഉദ്യോഗസ്ഥർക്ക്(അതായത് ധനകാര്യവകുപ്പിലെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ ഒഴികെയുള്ള എല്ലാ നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർക്കും, കേരള ജനറൽ സർവ്വീസിലെ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ/ഫിനാൻഷ്യൽ അസിസ്റ്റന്റ്, ഫിനാൻസ് ഓഫീസർമാർ) പത്രിക സമർപ്പിക്കുവാൻ ഒരവസരം കൂടി നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് പത്രികാ സമർപ്പണം 2018 ജനുവരി 31 വരെ ഓൺലൈൻ (www.spark.gov.in/webspark) വഴി നടത്താവുന്നതാണ്. ഇതിനായി ഇനിയൊരവസരം കൂടി അനുവദിക്കുന്നതല്ല. പത്രിക സമർപ്പണം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ സൂചനയിലെ സർക്കുലറിൽ വിശദമാക്കിയിട്ടുണ്ട്. കടലാസ് മുഖേനയുള്ള പത്രികാസമർപ്പണം സ്വീകരിക്കുന്നതല്ല.

**മിനി. വി.ആർ,**
**ജോയിന്റ് സെക്രട്ടറി(ധനകാര്യം)**

ധനകാര്യ വകുപ്പിലെ ഓഫീസ് അറ്റൻഡന്റ് ഉൾപ്പെടെയുള്ള എല്ലാ നോൺ-ഗസറ്റഡ് ഉദ്യോഗസ്ഥർ.
കേരള ജനറൽ സർവീസിലെ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർമാർ/ഫിനാൻഷ്യൽ അസിസ്റ്റന്റ്മാർ/ഫിനാൻസ് ഓഫീസർമാർ
നോഡൽ ഓഫീസർ, www.finance.kerala.gov.in

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ